# ഹോട്ട് പൊട്ടട്ടോ (Javahotpot61)

ഇന്ററാക്ടീവ് മൂല്യ നിർണ്ണയസാമഗ്രികൾ തയ്യാറാക്കാനുള്ള ഒരു സോഫ്റ്റ് വെയർ ആണ് Hot Potato . ഇതിൽ Multiple choice, Jumbled sentence, Cross word, matching, gap fill തുടങ്ങിയ ആപ്ലിക്കേഷനുകളാണ് ഉള്ളത്.

ഇതിൽ നിന്ന് ആവശ്യമായ application ഉപയോഗിച്ച് ടീച്ചർക്ക് മൂല്യ നിർണ്ണയനിർണ്ണയസാമഗ്രികൾ നിർമ്മിക്കാവുന്നതാണ്.

**<u>ഉപകരണങ്ങൾ , വിഭവങ്ങൾ</u>**

Java Hot Potato Software

സോഫ് റ്റ് വെയർ യൂണിവേഴ്സിറ്റി ഓഫ് വിക്ടോറിയയിലെ hot potato home page ൽ നിന്ന് ഡൗൺ ലോഡ് ചെയ്യോ മുൻപ് ഡൗൺ ലോഡ് ചെയ്ത് സൂക്ഷിച്ച പെൻഡ്രൈവ്, സി.ഡി എന്നിവയിൽ നിന്നോ ഇൻസ്റ്റാൾ ചെയ്യാവുന്നതാണ്.

1. കമ്പ്യൂട്ടർ Desk Top ലെ Javahotpot61 ഫോൾഡറിൽ click ചെയ്യുക
2. തുറന്ന വരുന്ന പേജിൽ നിന്ന് LinuxStartHotPot.sh എന്ന file double click ചെയ്ത് Run പ്രസ് ചെയ്ത് Hot potato തുറക്കുക
3. തുടർന്ന് വരുന്ന പേജിൽ നിന്ന് ആവശ്യമായ ബട്ടൺ അമർത്തി (eg. Jmatch )വേണ്ട ആപ്ലിക്കേഷൻ തുറക്കുക (ചിത്രം നോക്കുക)




**<u>Hot Potato Software ഉപയോഗിച്ച് ചേരും പടി ചേർക്കാൻ (Match the following) ചോദ്യങ്ങൾ തയ്യാറാക്കുന്നതെങ്ങനെ</u>**

- മുൻ വിവരിച്ച രീതിയിൽ Hot Potato തുറന്ന് JMatch ബട്ടൺ click ചെയ്ത് Jmatch ആപ്ലിക്കേഷൻ തുറക്കുക



- തുറന്ന് വരുന്ന പേജിൽ എക്സർസൈസിന്റെ title നൽകുക
- സേവ് ബട്ടൺ അമർത്തി എക്സർസൈസ് ലൊക്കേഷനിൽ സേവ് ചെയ്യുക (.jmt extension നോടു കൂടിയ ഫയൽ ആയിരിക്കും save ആകുക : File → Save data file )
- Left (fixed ) ഭാഗത്ത് ചോദ്യത്തിന്റെ A – Part ടൈപ്പ് ചെയ്യുക, വലതു ഭാഗത്ത് A – Part ലെ വിവരങ്ങൾക്ക് മാച്ച് ചെയ്യുന്ന വാക്കുകളോ വാക്യങ്ങളോ (B – Part) ചേർക്കുക
- അഞ്ച് ഐറ്റംസ് വരെ നിലവിൽ കാണുന്ന interface ൽ ചേർക്കാവുന്നതാണ്. അഞ്ചിൽ കൂടുതൽ ഐറ്റംസ് ചേർക്കണമെങ്കിൽ താഴെ കാണുന്ന up arrow click ചെയ്ത് കൂടുതൽ നിരകൾ ചേർക്കാൻ കഴിയും




- Export ചെയ്യുന്നതിന് മുൻപായി option ബട്ടൺ click ചെയ്ത് open configuration window അമർത്തി other option ൽ ചെന്ന് shuffle items each time page in loaded ടിക്ക് ചെയ്യുക
- ശേഷം ഫയൽ എക്സ്പോർട്ട് ചെയ്യുക (.htm extension കൂടിയത്)




- file → export → create standard V6 page / create drag-drop page സെലക്ട് ചെയ്ത് തുറന്ന വരുന്ന ജാലകത്തിൽ done ക്ലിക്ക് ചെയ്യുക.
- ലഭിക്കുന്ന ഫയൽ main.html ആയി പുനർ നാമകരണം ചെയ്യുക




- പ്രസ്തുത ഫയൽ ഒരു ഫോൾഡറിനകത്താക്കി ഉചിതമായ പേരു നൽകി കംപ്രസ് ചെയ്ത് (.zip ഫോർമാറ്റിൽ) സമഗ്രയിൽ അപ് ലോഡ് ചെയ്യാവുന്നതാണ്.

**Hot potato ഉപയോഗിച്ച് വിട്ട ഭാഗം പൂരിപ്പിക്കുക തയ്യാറാക്കുന്നതെങ്ങനെ**

- മുൻപേ പറഞ്ഞ രീതിയിൽ Hot potato തുറന്ന് Jcloze തിരഞ്ഞെടുക്കുക
- Exercise title കൊടുത്ത് ഉചിതമായ ലൊക്കേഷനിൽ data save ചെയ്യുക
- File → save data file
- Text for cloze exercise എന്ന ഫീൽഡിൽ ആവശ്യമായ വാക്യങ്ങൾ ടൈപ്പ് ചെയ്യുക
- ആവശ്യമായ വാക്കുകൾ സെലക്ട് ചെയ്ത് Make gap button press ചെയ്ത് പൂരിപ്പിക്കേണ്ട വാക്കുകൾ hide ചെയ്യുക
- തുടർന്ന് export ചെയ്യുക
- File → export → Create standard V6 page
- Exported file main.html ആയി പുനർനാമകരണം ചെയ്യുക .
- main.html file ഫോൾഡറിനകത്താക്കി ഉചിതമായ പേരു നൽകി കംപ്രസ് ചെയ്ത്സമഗ്രയിൽ അപ് ലോഡ് ചെയ്യുക

മേൽ വിവരിച്ച രീതിയിൽ Hot potato യിലെ മറ്റ് application കളും ശ്രമിക്കാവുന്നതാണ്.